പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2008 01.02.2018-ലെ മറുപടിക്ക്

# ഫ്ലെക്സി നിരക്ക് സംവിധാനം

ചോദ്യം

ശ്രീ.എ.പി. അനിൽ കുമാർ

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരക്ക് കൂടുമ്പോൾ നിരക്ക് വർദ്ധിക്കുന്ന ഫ്ലെക്സി നിരക്ക് സംവിധാനം കെ.എസ്.ആർ.ടി.സി.യിൽ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകളിൽ 10.09.2015 മുതൽ ഫ്ലെക്സി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അന്തർ സംസ്ഥാന സർവ്വീസുകളിലാണോ ഈ രീതി നടപ്പിലാക്കുന്നത് എന്നറിയിക്കാമോ; | | |
| (സി) | പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് പുതിയ സർവ്വീസ് ആരംഭിക്കുന്നത്; | (സി) | കേരള സംസ്ഥാനം കർണ്ണാടക സംസ്ഥാനവുമായി 2016-ൽ ഒപ്പ് വച്ച അന്തർ സംസ്ഥാന കരാർ പ്രകാരം ബാംഗ്ലൂർ, മൈസൂർ, കൊല്ലീഗൽ, മംഗലാപുരം, കെ.ആർ നഗർ, കൊല്ലൂർ-മൂകാംബിക, വിരാജ് പെട്ട് എന്നീ സ്ഥലങ്ങളിലേയ്ക്ക് പുതുതായി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | കർണ്ണാടക ആർ.ടി.സി.യുടെ മാതൃകയിൽ ശൗചാലയ സൗകര്യവും സ്ലീപ്പർ സൗകര്യവുമുള്ള ബസ്സ് സർവ്വീസ് ആരംഭിക്കാൻ കെ.എസ്.ആർ.ടി.സി. പദ്ധതി ഇട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ഡി) | ശൗചാലയ സൗകര്യവും, സ്ലീപ്പർ സൗകര്യമുള്ളതുമായ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിനായി ഇപ്പോൾ പദ്ധതിയില്ല. |

**സെക്ഷൻ ഓഫീസർ**